**DCETVM/8460/2024-R4**

കോളേജ് വിദ്യാഭ്യാസ വകുപ്പ്
വികാസ് ഭവൻ
തിരുവനന്തപുരം
07-10-2024

വിജ്ഞാപനം

2024-25 അദ്ധ്യയന വർഷത്തെ സ്റ്റേററ് മെറിറ്റ് സ്കോളർഷിപ്പിനു വേണ്ടിയുള്ള അപേക്ഷ ക്ഷണിക്കുന്നു.

സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും, മ്യൂസിക് , സംസ്കൃത കോളേജുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും ബിരുദ കോഴ്സുകളിൽ 2024-25 അധ്യായന വർഷം ഒന്നാം വർഷ ക്ലാസ്സിൽ പ്രവേശനം ലഭിച്ച വിദ്യാർഥികളിൽ നിന്നും സ്റ്റേററ് മെറിറ്റ് സ്കോളർഷിപ്പിനുള്ള മാന്വൽ അപേക്ഷകൾ ക്ഷണിക്കുന്നു.

I ) യോഗ്യത

എ) അപേക്ഷകർ 2024-25 അധ്യായന വർഷം സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ, മ്യൂസിക് , സംസ്കൃതം കോളേജുകൾ, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിൽ പഠിക്കുന്ന ഒന്നാം വർഷ ബിരുദ വിദ്യാർഥികൾ ആയിരിക്കണം.

ബി) യോഗ്യത പരീക്ഷയിൽ 85% -ൽ അതിൽ അധികം മാർക്ക് നേടിയിരിക്കണം.

II ) സ്കോളർഷിപ്പ് തുക

പ്രതിവർഷം 10,000/- (പതിനായിരം രൂപ) രൂപ.

III) വിദ്യാർത്ഥികൾ / സ്ഥാപന മേധാവി അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ

1) അപേക്ഷകർക്ക് ഐ.എഫ്.എസ്.സി. കോഡ് സൌകര്യമുള്ള ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ അക്കൌണ്ട് ഉണ്ടായിരിക്കണം.

2) 1:1:1 എന്ന ക്രമത്തിൽ Science, Commerce, Humanities എന്നീ വിഷയങ്ങളിൽ നിന്നുമാണ് വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കുന്നത്.

3) +2 മാർക്കിന്റെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ്, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ്, മ്യൂസിക് , സംസ്കൃത കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഡിഗ്രി തലം മുതൽ തുടർച്ചയായി 5 വർഷത്തേക്കാണ് ടി സ്കോളർഷിപ്പ് അനുവദിക്കുന്നത്.

4) 95% വും അതിൽ അധികവും മാർക്ക് ഉള്ള 1050 വിദ്യാർത്ഥികൾക്ക് വരുമാന പരിധി കണക്കാക്കാതെ പ്രതിവർഷം 10,000/- രൂപ അനുവദിക്കുന്നു.

5) 90% വും അതിൽ അധികവും മാർക്കുള്ള , 2,50,000/- (രണ്ടര ലക്ഷം രൂപ) രൂപ വരുമാന പരിധി കണക്കാക്കി 1050 വിദ്യാർഥികൾക്ക് പ്രതിവർഷം 10,000/- രൂപ അനുവദിക്കുന്നു.

6) 85% വും അതിൽ അധികവും മാർക്കുള്ള BPL വിഭാഗത്തിലുള്ള 1050 വിദ്യാർത്ഥികൾക്ക് വരുമാനം കണക്കാക്കാതെ പ്രതിവർഷം 10,000/- രൂപ വീതം അനുവദിക്കുന്നു.

7) അക്കാദമിക യോഗ്യതയിൽ നേടിയ മാർക്കിന്റെ അടിസ്ഥാനത്തിൽ ആണ് സ്കോളർഷിപ്പ് നിശ്ചയിക്കുന്നത്.

8) മറ്റേതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പുകളോ, സ്റ്റൈപ്പെൻറുകളോ കൈപ്പറ്റുന്ന വിദ്യാർഥികൾക്ക് ഈ സ്കോളർഷിപ്പിന് ഉണ്ടായിരിക്കുന്നതല്ല.

IV അപേക്ഷിക്കേണ്ട രീതി

i) അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ htt://collegiateadu.kerala.gov.in, www.dcescholarship.kerala.gov.in എന്ന വെബ് സൈറ്റുകളിൽ സ്കോളർഷിപ്പ്സ്, news and updates

എന്നീ ലിങ്കുകളിൽ ക്ലിക്ക് ചെയ്ത് , സ്കോളർഷിപ്പ് വിജ്ഞാപനത്തിനൊപ്പം നൽകിയിരിക്കുന്ന അപേക്ഷ ഫോറം ഡൌൺ ലോഡ് ചെയ്ത് പൂരിപ്പിക്കേണ്ടതും അതിനോടൊപ്പം https://forms.gle/BX6Y6jCae2e27Q1Z6 എന്ന ലിങ്കിൽ (ഗൂഗിൾ ഫോം) ആവശ്യപ്പെടുന്ന വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

ii) വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷയും, രേഖകളും,ഗൂഗിൾ ഫോമും സ്ഥാപന മേധാവിയോ / അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതും (അപ്പ്രൂവൽ), അപ്രകാരം പരിശോധിച്ച അപേക്ഷകൾ സ്ഥാപന മേധാവി മേലൊപ്പ് വച്ച് അംഗീകരിക്കേണ്ടതുമാണ്.

V) **<u>സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ</u>**

1) അപേക്ഷകന്റെ ആറു മാസത്തിനകം എടുത്ത പാസ് പോർട്ട് സൈസ് ഫോട്ടോ പതിച്ച അപേക്ഷ ഫോം (ഇതിൽ സ്ഥാപന മേധാവി ഒപ്പ് രേഖപ്പെടുത്തിയിരിക്കണം).

2) +2 മാർക്ക് ലിസ്റ്റിന്റെ സ്വയം സക്ഷ്യപ്പെടുത്തിയ പകർപ്പ്.

3) അപേക്ഷകൻറെ സ്വന്തം പേരിലുള്ള ബാങ്ക് പാസ് ബുക്കിൻറെ ഒന്നാമത്തെ പേജിന്റെ സ്വയം സക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൌണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിൻറെ അഡ്രസ് ഇവ ഉൾപ്പെടുത്തിയിരിക്കണം)

4) BPL ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ , ബി.പി.എൽ കുടുംബത്തിൽപെട്ട അംഗമാണെന്ന് തെളിയിക്കുന്നതിന് ഗ്രാമ / ബ്ലോക്ക് പഞ്ചായത്ത് , നഗരസഭാ സെക്രട്ടറി / Block Development Officer - ൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

5) 95 % ഇൽ കുറവും 90% ഇൽ അധികവും മാർക്കുള്ള വിദ്യാർത്ഥികൾ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

7) സ്വയം സാക്ഷ്യപ്പെടുത്തിയ ആധാർ കാർഡിൻറെ കോപ്പി.

**<u>(VI) അവസാന തീയതികൾ</u>**

(1) അപേക്ഷകർ അപേക്ഷ ഫോം, ഗൂഗിൽ ഫോം, സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി 31.10.2024.

(2) അപേക്ഷ, ഗൂഗിൽ ഫോം എന്നിവ,സ്ഥാപന മേധാവി സൂക്ഷ്മ പരിശോധന നടത്തി അംഗീകരിക്കേണ്ട അവസാന തീയതി 05.11.2024.

(3) അംഗീകരിച്ച് മേലൊപ്പ് വച്ച അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടേറ്റിലെ സ്കോളർഷിപ്പ് വിഭാഗത്തിൽ ലഭിക്കേണ്ട അവസാന തീയതി 11.11.2024.

(4) യാതൊരു കാരണവശാലും 11.11.2024 ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അപേക്ഷകൾ വെരിഫൈ ചെയ്ത് യഥാസമയം സ്കോളർഷിപ്പ് വിഭാഗത്തിൽ ഹാജരാക്കാത്തതു മൂലം അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാതെ വന്നാൽ അയതിൻറെ ഉത്തരവാദിത്വം പൂർണ്ണമായും സ്ഥാപന മേധാവികൾക്ക് മാത്രമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് 9446780308 എന്ന നമ്പരിൽ ബന്ധപ്പെടുക.

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്സ്

Signed by
Mani T
Date: 07-10-2024 15:54:57